**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2691** **04-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയാണ്; പ്രസ്തുത തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരാണ് ജോലി ചെയ്യുന്നത്; എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | **കേരള ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ കേഡർ സ്ട്രെങ്ത് 1700 ആണ്. പ്രസ്തുത തസ്തികയിൽ 1124 സ്ഥിരം ജീവനക്കാരാണ് ജോലി ചെയ്യുന്നത്. 414 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (ബി) | 31.05.2028 വരെ ഒരോ വർഷവും പ്രസ്തുത തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്നും നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ; | (ബി) | **ക്ലാർക്ക് /കാഷ്യർ തസ്തികയിൽ 31.05.2028 വരെ വിരമിക്കൽ മൂലം 350 ഒഴിവുകൾ ഉണ്ടാകുന്നതാണ്. ടി 350 പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്.** |
| (സി) | ജില്ലാ സഹകരണ ബാങ്ക് ലയിപ്പിച്ച് കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് കേരള ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമിക്കുന്നതിന് മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ എത്രയെണെന്ന് വ്യക്തമാക്കുമോ; | (സി) | **ക്ലാർക്ക്/കാഷ്യർ തസ്തികയിൽ മുൻ ജില്ലാ സഹകരണ ബാങ്കുകൾ റിപ്പോർട്ട് ചെയ്തിരുന്നവയിൽ എൻ.സി.എ കാറ്റഗറിയിൽ ബാക്കി നിൽപ്പുള്ള 150 ഒഴിവുകൾ മാറ്റി വെച്ചിട്ടുണ്ട്.** |
| (ഡി) | പി.എസ്.സി. വിജ്ഞാപന കാറ്റഗറി നം.63/2024 പ്രകാരമുള്ള പ്രസ്തുത തസ്തികയുടെ മെയിൻ ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുവാനാണ് പി.എസ്.സി. തീരുമാനിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ? | (ഡി) | **കേരള ബാങ്കിലെ ക്ലാർക്ക്/കാഷ്യർ (കാറ്റഗറി നമ്പർ - 063/2024) പാർട്ട് - 1 (ജനറൽ കാറ്റഗറി) തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ